**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1638**

**04.10.2016 - ൽ മറുപടിക്ക്.**

## കേരളത്തിലെ വ്യവസായ മേഖല

| ചോദ്യം<br>ശ്രീ. പി.സി. ജോർജ്ജ്. | മറുപടി<br>ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും കായികവും വകുപ്പ് മന്ത്രി). |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരളത്തിലെ വ്യവസായ മേഖലകളിൽ എന്തൊക്കെ പുതിയ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ; | (എ) : സംരംഭകർക്ക് നിർദ്ദേശങ്ങളും സഹായങ്ങളും നൽകുവാനായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിച്ചു. ഇൻഡസ്ട്രിയൽ വാല്ലിറ്റി ലിങ്കേജസ് പ്രോത്സാഹിപ്പിക്കുന്നതിന് പുതിയ പദ്ധതി ആവിഷ്കരിച്ചു. സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ശക്തിപ്പെടുത്തുന്നതിന് നിർദ്ദേശം നൽകി. കരകൗശല മേഖലയിൽ കോമൺ ബ്രാന്റിങ് സംവിധാനം കൊണ്ടുവരാനുള്ള നടപടി സ്വീകരിച്ചു. പരമ്പരാഗത കൈത്തറി-ഖാദി മേഖല ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) ഇനിയും കൂടുതലായി എന്തൊക്കെ മാറ്റങ്ങൾ ഈ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ; | (ബി) : പുതിയ സംരംഭങ്ങൾക്കായി മൂന്ന് ജില്ലകളിൽ ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. എറണാകുളത്ത് നിർമ്മാണം പൂർത്തിയായി. കരകൗശല മേഖലയിൽ ക്ലസ്റ്ററുകൾ ആരംഭിക്കുന്നു. വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട സേവനങ്ങൾ ഓൺലൈൻ വഴി ആക്കുന്നു. |
| (സി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പൂട്ടികിടന്ന ഏതൊക്കെ വ്യവസായ സംരംഭങ്ങൾ ഈ സർക്കാർ തുറപ്പിച്ചു എന്ന് വിശദമാക്കുമോ ; | (സി) & (ഡി) : പൂട്ടിക്കിടന്ന സംരംഭങ്ങൾ തുറക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) ഇവ ഏതൊക്കെയെന്നും ഇതു പ്രകാരം എത്ര പാവപ്പെട്ട തൊഴിലാളികൾക്ക് ജോലി തിരികെ കൊടുത്തെന്നുമുള്ള കാര്യം വിശദമാക്കുമോ ; | |
| (ഇ) പൂട്ടിക്കിടക്കുന്ന ഏതൊക്കെ ഫാക്ടറികൾ/വ്യവസായ ശാലകൾ ഇനി തുറക്കുമെന്ന് വിശദമാക്കുമോ ? | (ഇ) : പൂട്ടിക്കിടക്കുന്ന ഫാക്ടറികൾ തുറക്കുന്നതിനെ കുറിച്ച് പരിശോധിച്ചു വരികയാണ് |

സെക്ഷൻ ഓഫീസർ.

ജം/30/09